**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** **06-10-2025 - ൽ മറുപടിയ്ക്ക്**

**അനെർട്ട് വാങ്ങിയ ഇലക്ട്രിക് കാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തനത് ഫണ്ടിൽ നിന്ന് സ്വന്തമായി ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിന് അനെർട്ടിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണോ; അനെർട്ട് തനത് ഫണ്ട് വിനിയോഗിച്ച് ഇലക്ട്രിക് കാറുകൾ വാങ്ങിയിട്ടുണ്ടോ ; ഇതിന് മുൻകൂർ അനുമതി നല്കിയിട്ടുണ്ടോ ; | (എ) | അനെർട്ട് തനതു ഫണ്ട് മാത്രം ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ വാങ്ങിയിട്ടില്ല. |
| (ബി) | അനെർട്ട് തനത് ഫണ്ട് വിനിയോഗിച്ച് വാങ്ങിയ കാറുകളുടെ എണ്ണം, മോഡൽ, വില, കാറുകളുടെ വിനിയോഗം എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | അനെർട്ട് തനതു ഫണ്ട് മാത്രം ഉപയോഗിച്ച് ഇലക്ട്രിക് കാറുകൾ വാങ്ങിയിട്ടില്ല. |
| (സി) | അനെർട്ടിലെ വാഹന ഉപയോഗത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ ; | (സി) | അനെർട്ടിലെ വാഹന ഉപയോഗം സംബന്ധിച്ച പരാതി ലഭിച്ചിരുന്നു. ആയത് പരിശോധിച്ചു വരുകയാണ്. |
| (ഡി) | അനെർട്ടിലെയും, അനെർട്ട് മുഖേന വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള കാറുകളിലെയും ഡ്രൈവർമാരെ സ്വകാര്യ ഏജൻസി വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണ് നിയമിച്ചിരിക്കുന്നത്; ഈ ഏജൻസിയും, അനെർട്ടും തമ്മിൽ നിലവിലുള്ള കരാറിന്റെയും, വേതന വ്യവസ്ഥയുടെയും പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) | അനെർട്ടിലെയും അനെർട്ട് മുഖേന വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഇലക്ട്രിക് കാറുകളിലേക്കും, ഡ്രൈവർമാരെ സ്വകാര്യ ഏജൻസി വഴി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ 33 ഡ്രൈവർമാരെയാണ് ഏജൻസി വഴി നിയമിച്ചിരിക്കുന്നത്. ഈ ഏജൻസിയും, അനെർട്ടും തമ്മിൽ നിലവിലുള്ള കരാറിന്റെയും, വേതന വ്യവസ്ഥയുടെയും പകർപ്പ് **അനുബന്ധം (ഡി 1)** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ